# വിസിൽ ബ്ലോവേഴ്സിനെ കുടുക്കുന്ന മോശം തീരുമാനം

അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

2008 ജൂലായ് 27 ന് മൂന്ന് ബിജെപി എംപിമാർ, ഫഗൻ സിംഗ് കുലസ്ഥെ, മഹാബീർ സിംഗ് ഭഗോറ, അശോക് അർഗാൾ എന്നിവരെ കോഴ കൊടുത്ത് വശത്താക്കാൻ ശ്രമിച്ചു. അമേരിക്കയുമായുള്ള ആണവ ഇടപാടിനെ സംബന്ധിച്ച വിഷയത്തിൽ പാർലമെന്റിൽ വന്ന വിശ്വാസവോട്ടിൽ അനുകൂല വോട്ടു കിട്ടാൻ നടത്തിയ ആ കോഴ ഇടപാട് അവർ റെക്കോർഡ് ചെയ്തു. റെക്കോഡ് ചെയ്തയുടൻ അവർ നേരെ പാർല മെന്റിൽ പോയി, ഇടപാടിൽ കൈമാറിയ പണം സഭയിൽ പ്രദർശിപ്പിച്ചു, സർക്കാരിന് അനുകൂലമായി വോട്ടു ചെയ്യുന്നതിനുവേണ്ടിയാണ് പണം കൈമാറിയതെന്ന കാര്യം തുറന്നു കാട്ടുകയും ചെയ്തു. ഈ സംഭവ ത്തിൽ അപകടമുന്നറിയിപ്പ്നൽകിയ മൂന്ന് എംപിമാർക്കെതിരെ ദൽഹി പോലീസ് കേസെടുത്ത് അന്വേ ഷണം നടത്തി. അവരെ ഗൂഢാലോചനയിൽ പങ്കാളിയായി എന്ന കാരണത്താൽ കേസിൽ പ്രതിചേർത്തു. കോഴ കൊടുത്ത വർക്കൊപ്പം മുന്നറിയിപ്പ് നൽകിയവരേയും അറസ്റ്റ് ചെയ്തു. പിന്നീട് അവരെ ജാമ്യത്തിൽ വിട്ടു. ദൽഹി സിബിഐ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചു. 2013 നവംബർ 22 ന് സിബിഐ പ്രത്യേക ജഡ്ജ് ശ്രീ നരോത്തം കൗശൽ മുന്നറിയിപ്പു നൽകിയ മൂന്നുപേരേയും മറ്റു ചിലരേയും വെറുതെ വിട്ടു. ജഡ്ജ് അസന്ദിഗ്ധമായി ഇങ്ങനെ പറഞ്ഞു:

"സിഎൻഎൻ-ഐബിഎൻ സംഘവും മൂന്ന് എംപിമാരും തമ്മിലുള്ള കൂടിക്കാഴ്ചയോ ധാരണയോ കുതി രക്കച്ചവടം തുറന്നുകാട്ടാനും കോൺഗ്രസ് പാർട്ടിയുടെയും സമാജ്‌വാദി പാർട്ടിയുടെയും നേതാക്കളുടെ മറ്റ് പാർട്ടിയുടെ എംപിമാരെ വിലക്കെടുക്കാനുള്ള ദുഷ്പ്രവണത തുറന്നു കാട്ടാനുമുള്ള ഉദ്ദേശ്യത്തിൽ മാത്രമാ യിരുന്നു. അതിനാൽ മേൽ പറഞ്ഞ നടപടി നിയമവിരുദ്ധമോ ഐപിസി 120 ബിയുടെ പരിധിയിൽ വരു ന്നതോ അല്ല." ഈ വിധി തന്നെ മറ്റു രണ്ടു മുന്നറിയിപ്പുകാരായ സുധീന്ദ്ര കുൽക്കർണിക്കും സുഹൈൽ ഹിന്ദുസ്ഥാനിക്കും ബാധകമായി. ഇവരെ സംബന്ധിച്ച വിധി ഇങ്ങനെ പറയുന്നു, "അദ്ദേഹത്തിന്റെ ഈ നാട കത്തിലെ സാന്നിദ്ധ്യം അറിവോടെയും മുൻ നിശ്ചയപ്രകാരമുള്ളതും കോഴ കോടുക്കുന്നവരെ തുറന്നു കാണിക്കാൻ ലക്ഷ്യമിട്ടുള്ളതും ആയിരുന്നു."

വിധി മുന്നറിയിപ്പു നൽകുന്നതിനുള്ള അവകാശത്തിനായി പോരാടുന്നവർക്ക് സംരക്ഷണം നൽകുന്നതും അവർക്ക് വിജയം നൽകുന്നതുമാണ്. ഇത്തരം മുന്നറിയിപ്പുകാർ ഏറെ ഉണ്ടാവണം, അങ്ങനെ ഇന്ത്യയിൽ വർദ്ധിച്ചു വരുന്ന അഴിമതി തുറന്നു കാണിക്കാനാവണം. വിസിൽ ബ്ലോവേഴ്സ് ബിൽ ലോക്സഭ പാസ്സാക്കി, രാജ്യസഭയുടെ പരിഗണനയിലാണ്. നടപ്പു സമ്മേളനത്തിൽ അവസരം കിട്ടിയാൽ അത് പാസ്സാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഈ കോടതി വിധിക്കെതിരെ എഎപി സർക്കാർ അപ്പീൽ പോകുമെന്ന് പത്രത്തിൽ കാണുന്നു. ലോക്പാ ലിനും വിസിൽബ്ലോവേഴ്സ് ബില്ലിനും വേണ്ടി ഉച്ചത്തിൽ വാദിക്കുന്നവരാണ് എഎപി പ്രസ്ഥാനമെന്ന് സ്വയം പറയാറുണ്ട്. എങ്കിൽ കോടതിയിൽ പോകാനുള്ള നീക്കം എന്നെ അമ്പരപ്പിക്കുന്നു. 2008 ത്തിൽ എംപിമാർ ക്രോസ് വോട്ട് ചെയ്തു. മൂന്ന് എംപിമാർക്ക് പണം വാഗ്ദാനം ചെയ്യുകയുണ്ടായി. മൂന്ന് എംപിമാർ രണ്ടു സുഹൃത്തുക്കളുമൊത്ത് ഒരു സ്വതന്ത്ര ടെലിവിഷൻ ചാനലിന്റെ സഹായത്തിൽ ആ നാടകം തുറന്നുകാട്ടി. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിലെ വലിയൊരു അഴിമതിയാണവർ പരസ്യമാക്കിയത്. അവരെ തെറ്റായി കുറ്റാരോപിതരാക്കി, ശരിയായ മാർഗ്ഗത്തിൽ കുറ്റവിമുക്തരുമാക്കി. അരവിന്ദ് കേജ്‌രിവാളും സർക്കാരും ഈ കേസിൽ അപ്പീൽ പോകുന്നത് എന്നെപ്പോലുള്ളവരെ അതിശയിപ്പിക്കുന്നു. രാഷ്ട്രീയ സ്ഥിരത ചിലർക്ക് അജ്ഞാതമാണ്. രസകരമെന്ന് പറയാം, അഴിമതിക്കാർക്കെതിരെ സ്റ്റിംഗ് ഓപ്പറേഷൻ നടത്താൻ കേജ്‌രിവാൾ ആഹ്വാനവും ചെയ്യുന്നു. ആം ആദ്മിയുടെ പാർട്ടിയുടെ മാനദണ്ഡം ബാധകമാക്കിയാൽ അപ്പോൾ എല്ലാ വരും ഐപിസി 120 ബി പ്രകാരം കുറ്റക്കാരായിത്തീരും.